(ബി) മധുരക്കള്ള് ഉല്പാദിപ്പിക്കുന്നതിന് ഇപ്പോൾത്തന്നെ നിയമത്തിൽ വ്യവസ്ഥയുണ്ടെങ്കിലും ലൈസൻസ് നല്കുന്നില്ല. കൂടാതെ ഇതുമായി ബന്ധപ്പെട്ട് സർക്കാർ നിയോഗിച്ച കമ്മിറ്റി അവയുടെ ശുപാർശകൾ അടങ്ങുന്ന റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. അതിൽ സർക്കാർ അന്തിമ തീരുമാനം എടുത്തിട്ടില്ല.

(സി) ഉദിക്കുന്നില്ല.

(ഡി) ചർച്ചയുടെ കാര്യം ആവശ്യമാണെങ്കിൽ ആലോചിക്കാവുന്നതാണ്.

ഒരാൾക്ക് കൈവശം വയ്ക്കാവുന്ന മദ്യത്തിന്റെ അളവ്

56 [339] ശ്രീ. എൻ. ഡി. അപ്പച്ചൻ :

,, ബി. വിജയകുമാർ :

ശ്രീമതി രാധാരാഘവൻ :

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :

,, ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒരാൾക്ക് കൈവശം വയ്ക്കാവുന്ന മദ്യത്തിന്റെ അളവ് വർദ്ധിപ്പിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഓരോ ഇനത്തിലുംപെട്ട എത്ര അളവുവരെയുള്ള മദ്യം ഒരാൾക്ക് കൈവശം വയ്ക്കുവാൻ അനുവദിച്ചിട്ടുണ്ട്;

(സി) ഒരാളിന് കൈവശം വയ്ക്കാവുന്ന മദ്യത്തിന്റെ അളവ് വർദ്ധിപ്പിക്കുവാനുള്ള കാരണമെന്തെന്ന് വ്യക്തമാക്കാമോ;

(ഡി) ഒരാൾക്ക് കൈവശം വയ്ക്കാവുന്ന മദ്യത്തിന്റെ അളവ്, വർദ്ധനയ്ക്ക് മുമ്പ് എത്ര ആയിരുന്നു എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഒരാൾക്ക് കൈവശം വയ്ക്കാവുന്ന മദ്യത്തിന്റെ അളവ് സംബന്ധിച്ച വിശദവിവരം താഴെ ചേർക്കുന്നു:

ഇൻഡ്യൻ നിർമ്മിത വിദേശ മദ്യം	3 ലിറ്റർ
വൈൻ	7.8 ലിറ്റർ
ബിയർ	7.8 ലിറ്റർ

LIBRARY ARCHIVES Kerala Legislative Assembly

വിദേശ നിർമ്മിത വിദേശ മദ്യം (യഥാർത്ഥ വിദേശ യാത്രക്കാർക്ക്)	4.5 ലിറ്റർ
കൊക്കോ ബ്രാണ്ടി	1.5 ലിറ്റർ
കള്ള്	2.5 ലിറ്റർ

(സി) സെക്കൻഡ്സ് വിദേശ മദ്യത്തിന്റെ ഒഴുക്ക് കുറയ്ക്കുന്നതിനും മദ്യം ഉപയോഗിക്കുന്നവർക്ക് സർക്കാർ ഏജൻസി വഴി നടത്തുന്ന വിദേശ മദ്യ ഷാപ്പുകളിൽ നിന്നും വ്യാജമല്ലാത്ത മദ്യം വാങ്ങി ഉപയോഗിക്കുന്നതിനുള്ള അവസരം നല്കുന്നതിനും വേണ്ടിയാണ് അളവ് വർദ്ധിപ്പിച്ചത്.

(ഡി)	കൊക്കോ ബ്രാണ്ടി	1.5 ലിറ്റർ
	ഇൻഡ്യൻ നിർമ്മിത വിദേശ മദ്യം	4.5 ലിറ്റർ
	ബിയർ	4.5 ലിറ്റർ
	വൈൻ	4.5 ലിറ്റർ
	വിദേശ നിർമ്മിത വിദേശ മദ്യം (യഥാർത്ഥ യാത്രക്കാർക്ക് മാത്രം)	4.5 ലിറ്റർ
	കള്ള്	2.5 ലിറ്റർ

സംസ്ഥാനത്തെ കള്ള് ഉല്പാദനവും വില്പനയും

57 [340] ശ്രീ. കോവൂർ കുഞ്ഞുമോൻ :

,, എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പ്രതിദിനം എത്ര കള്ളാണ് തെങ്ങിൽ നിന്നും കിട്ടുന്നതെന്ന് വെളിപ്പെടുത്തുമോ;

(ബി) സംസ്ഥാനത്ത് എത്ര കള്ളുഷാപ്പുകളാണ് അനുവദിച്ചിട്ടുള്ളതെന്ന് ജില്ല തിരിച്ച് വെളിപ്പെടുത്തുമോ;

(സി) ഓരോ ഷാപ്പിലേയും ശരാശരി കള്ളു വില്പന എത്ര ലിറ്ററാണെന്ന് പരിശോധന നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രതിദിനം സംസ്ഥാനത്ത് വിവിധ ഷാപ്പു കളിലൂടെ വില്ക്കുന്നത് എത്ര കള്ളാണെന്ന് വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്ത് കൃത്രിമ കള്ള് നിർമ്മാണം നടത്തിയതിന് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly